വനം വകുപ്പിൽനിന്ന് ലഭ്യമാക്കേണ്ട 4.322 ഹെക്ടർ ഭൂമിക്ക് പകരമായി തത്തുല്ല്യ ഭൂമി വനം വകുപ്പിന് കൈമാറുവാനുള്ള നിർദ്ദേശം ഓൺലൈൻ പോർട്ടലിൽ ലഭ്യമായിട്ടുണ്ട്. എന്നാൽ പൊതുമരാമത്ത് വകുപ്പിന്റെ കൈവശം ഇപ്രകാരം കൈമാറുവാൻ ഭൂമിയില്ലാത്തതിനാൽ ഇതുസംബന്ധിച്ച റിപ്പോർട്ട് ജില്ലാ കളക്ടർക്കും ബന്ധപ്പെട്ട ആദൂർ ഗ്രാമ പഞ്ചായത്ത് അധികാരികൾക്കും നൽകിയിട്ടുണ്ട്.

(ഡി) വകുപ്പുതലത്തിൽ ഈ പ്രശ്നത്തിന് അടിയന്തരമായി പരിഹാരം കാണുന്നതിനും വനം വകുപ്പിന്റെ അനുമതി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

വിവിധ പദ്ധതികളുടെ കോമ്പൻസേറ്ററി ഭൂമിയായി ചമ്മാടൻകാവിലെ 22 ഹെക്ടർ ഭൂമി വനം വകുപ്പിന് നൽകാൻ കണ്ടെത്തിയതായി റവന്യൂ വകുപ്പ് അറിയിച്ചിട്ടുണ്ട്. ടി പ്രവൃത്തിയിൽ ഉൾപ്പെടുന്ന 4.322 ഹെക്ടർ മേൽപ്പറഞ്ഞ 22 ഹെക്ടറിൽ ഉൾപ്പെടുത്തുവാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

മക്കരപ്പറമ്പ് ബൈപ്പാസ് നിർമ്മാണം

25(2381) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിൽ ഉൾപ്പെടുന്ന മക്കരപ്പറമ്പ് ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ അംഗീകരിച്ച അലൈൻമെന്റ് എന്നാണ് കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചത്; ആയതിന് അംഗീകാരം നേടിയെടുക്കുന്നതിന് എന്തെല്ലാം ഇടപെടൽ നടത്തിയിട്ടുണ്ട്;

&

(സി) ദീർഘകാലമായി പുരോഗതി കൈവരിക്കാത്ത ഈ പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്രസർക്കാരുമായി ഇടപെട്ട് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുമോ?

മങ്കട നിയോജകമണ്ഡലത്തിൽ ദേശീയപാത 966-ൽ ഉൾപ്പെട്ട മക്കരപ്പറമ്പ് ബൈപ്പാസ് പ്രവൃത്തി കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ 2017-18 വാർഷിക പദ്ധതിയിലുൾപ്പെടുത്തി വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുവാൻ M/s KITCO Ltd കൊച്ചിയെ കൺസൽട്ടന്റായി MoRTH (Ministry of Road Transport and Highways of India) നിയമിച്ചു. ആയതിൻ പ്രകാരം 9-12-2019-ൽ ബൈപ്പാസിന് വേണ്ടി KITCO സമർപ്പിച്ച അലൈൻമെന്റ് ഓപ്ഷൻ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അംഗീകാരത്തിനായി MoRTH-ൽ സമർപ്പിച്ചുവെങ്കിലും അനുമതി ലഭിച്ചിട്ടില്ല. 12-5-2020-ലെ കേന്ദ്ര സർക്കാർ വിജ്ഞാപനം SO 1507 (E)പ്രകാരം ദേശീയപാത 966 ഭാരത് മാല പദ്ധ്യോജനയിൽ ഉൾപ്പെടുത്തി 4/6 പാതയായി വികസിപ്പിക്കുന്നതിന് NHAI-യെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് എന്നാൽ ദേശീയപാത 966-ന്റെ അലൈൻമെന്റ് കടന്നുപോകുന്നത് കോഴിക്കോട് - മലപ്പുറം - പാലക്കാട് ഇന്റർഫീഡർ കോറിഡോർ (ICR-34) പുതിയ ഗ്രീൻഫീൽഡ് പാതയിലൂടെയാണ്. ഇതിൽ മക്കരപ്പറമ്പ് ബൈപ്പാസ് ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ പ്രസ്തുത ബൈപ്പാസിന് കേന്ദ്ര സർക്കാരിൽ നിന്ന് ഫണ്ട് ലഭ്യമാകാൻ സാധ്യതയില്ല.

കുറ്റ്യാടി പള്ളി-ഊരത്ത് റോഡ്

26(2382) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടിയിൽ കൂടി കടന്നുപോകുന്ന സ്റ്റേറ്റ് ഹൈവേയെയും കുറ്റ്യാടി വലകെട്ട് കൈപ്രം കടവ് റോഡിനെയും ബന്ധിപ്പിക്കുന്ന വളരെ പ്രധാനപ്പെട്ട റോഡായ കുറ്റ്യാടി പള്ളി-ഊരത്ത് റോഡിന് നിലവിൽ ഫണ്ട് അനുവദിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

കുറ്റ്യാടി പള്ളി-ഊരത്ത് റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് നോൺ പ്ലാൻ ഫണ്ടിലുൾപ്പെടുത്തി രണ്ട് പ്രവൃത്തികൾക്കായി മൊത്തം 50 ലക്ഷം രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) നൂറുകണക്കിന് ആളുകൾ ആശ്രയിക്കുന്ന മൂന്ന് കിലോമീറ്ററിൽ അധികം ദൈർഘ്യം വരുന്നതും ജനവാസമേഖലകളിലൂടെ കടന്നുപോകുന്നതുമായ പ്രസ്തുത റോഡിന്റെ പ്രവൃത്തിയുമായി ബന്ധപ്പെട്ട് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ എന്നറിയിക്കാമോ?

നിലവിൽ തടസ്സങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബി.എം.ബി.സി.-യിൽ ഉൾപ്പെടുത്തിയാണോ പ്രസ്തുത റോഡിന്റെ നിർമ്മാണം വിഭാവന ചെയ്തിട്ടുള്ളതെന്ന് അറിയിക്കുമോ?

പ്രസ്തുത റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് നോൺ പ്ലാൻ ഫണ്ടിലുൾപ്പെടുത്തി MSS (Mixed Sealed Surfacing) ഉപയോഗിച്ചുകൊണ്ടാണ് ഉപരിതലം പുതുക്കുന്നത്.